# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.1310/86/എസ്റ്റ.എ/എസ്റ്റ.സി

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി:20/07/2023

## സർക്കുലർ

വിഷയം:- ആശ്രിത നിയമന വ്യവസ്ഥയിലും, ദിവസവേതനാടിസ്ഥാനത്തിലും താൽക്കാലികമായി ജോലി നോക്കിവരുന്നവരുടെ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 03/07/2023 ലെ ആർ.ഒ.സി.12234/17/എസ്റ്റ- 4 (i) നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാരുടെ കാലാവധി 89 ദിവസം കഴിഞ്ഞ് ഒരു ദിവസം ബ്രേക്കിന് ശേഷം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് നിലവിലെ രീതി തുടരുന്നതിന് തീരുമാനിച്ചും, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം പ്രൊവിഷണലായി ജോലി നോക്കിവരുന്ന ജീവനക്കാരുടെ കാലാവധി 179 ദിവസം കഴിഞ്ഞ് ഒരു ദിവസത്തെ ബ്രേക്കിന് ശേഷം ദീർഘിപ്പിക്കുന്നതിലേയ്ക്ക് ബോർഡിന്റെ അനുമതിയ്ക്കായി കാലാവധി അവസാനിക്കുന്നതിന് മുൻപായി റിപ്പോർട്ട് സമർപ്പിക്കുന്നതിന്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനായും സൂചന നമ്പർ ബോർഡ് ഉത്തരവായിട്ടുണ്ട്.

ആയതിനാൽ, പ്രസ്തുത ജീവനക്കാരുടെ കാലാവധി ദീർഘിപ്പിക്കുന്ന അവസരത്തിൽ ജീവനക്കാർക്ക് ശമ്പളം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കുവാനായി, കാലാവധി അവസാനിക്കുന്നതിന് രണ്ടാഴ്ച മുൻപേ, ആയത് സംബന്ധിച്ച് ന്യൂനത കൂടാതെയുള്ള റിപ്പോർട്ട് ഈ ആഫീസിൽ ഹാജരാക്കുന്നതിന് ഉത്തരവാകുന്നു.

കൂടാതെ, ആ ആഫീസിന്റെ പരിധിയിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര ജീവനക്കാർ എവിടെയെല്ലാം ജോലി നോക്കിവരുന്നുവെന്നും, ടിയാന്മാരുടെ സേവനം ഇനിയും ആവശ്യമുണ്ടോയെന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തിരത്തിൽ ഹാജരാക്കുന്നതിനും ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി. സെക്ഷൻ
3) സെക്ഷൻ ഫയൽ

Jyo.20/07